**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ. വിശാഖ് എസ് വിനോദ്, (PEN - 986649) അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം. A1-2200/2024/DMOH-KSD, തീയതി. 08.07.2024

2 . കാരണം കാണിക്കൽ നോട്ടീസ് നം DHS/18327/2024-EA1 തീയതി 23.10.2025

3. നം. എ3/36/2025-ആരോഗ്യം, തീയതി 16.03.2026

**ഉത്തരവ് നം. DHS/18327/2024-EA1 തീയതി.22-03-2026**

ഡോ. വിശാഖ് എസ് വിനോദ്, (Dr. Visakh S Vinod) (PEN - 986649) അസിസ്റ്റന്റ് സർജൻ തസ്തികയിൽ 13.03.2024 ന് ആരോഗ്യ വകുപ്പിൽ കാസറഗോഡ് ബദിയഡ്ക്ക ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിൽ സേവനത്തിൽ പ്രവേശിച്ചു. ഉപരിപഠനം പൂർത്തിയാക്കുന്നതിനായി 13.03.2024 AN - ൽ വിടുതൽ ചെയ്ത ടിയാൾ 14.03.2024 മുതൽ 22.02.2025 വരെ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചത് കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമായിരുന്നു. പ്രസ്തുത അവധി കാലയളവ് കഴിഞ്ഞിട്ടും ടിയാൾ സർവ്വീസിൽ പുനഃ പ്രവേശിക്കുന്നതിനായി ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ആയത് അനധികൃതമായി സർവ്വീസിൽ നിന്നും വിട്ട് നിൽക്കുന്നതായി മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം ( 2 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ്

നൽകുകയും ചെയ്തു. ആയത് ടിയാൾ കൈപ്പറ്റിയതിന്റെ രസീത് കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല

(2) ടി സാഹചര്യത്തിൽ 23.02.2025 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ. വിശാഖ് എസ് വിനോദ്, അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3) ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ. വിശാഖ് എസ് വിനോദ്, അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 22-03-2026
15:23:32

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്,

Dr. Visakh S Vinod, 170, Enadi, Kottayam, Enadi P O - 686608

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കാസറഗോഡ്.
3. M.O i/c, ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം ബദിയഡ്ക്ക,കാസറഗോഡ്.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ